# മിയാവാക്കി വനവത്കരണ പദ്ധതിക്കു തുടക്കമായി

**തിരുവനന്തപുരം** ▸ സ്വാഭാവിക വനങ്ങൾക്കു സമാനമായ സൂക്ഷ്മവനങ്ങൾ നഗരപ്രദേശങ്ങളിൽ വളരെ കുറഞ്ഞകാലംകൊണ്ടു സാധ്യമാക്കുന്ന മിയാവാക്കി മാതൃകാ വനവത്കരണ പരിപാടിക്കു തുടക്കമായി.

സംസ്ഥാനതല ഉദ്ഘാടനം ശംഖുംമുഖത്ത് വൃക്ഷത്തൈ നട്ട് മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിച്ചു. വി.എസ്.ശിവകുമാർ എം.എൽ.എ. അധ്യക്ഷനായി.

ടൂറിസം സെക്രട്ടറി റാണി ജോർജ്, ഡയറക്ടർ പി.ബാലകിരൺ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് സി.എം.ഡി. കെ.ജി.മോഹൻലാൽ, നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷൻ ചെയർമാൻ പ്രൊഫ. വി.കെ.ദാമോദരൻ തുടങ്ങിയവർ പങ്കെടുത്തു.